പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 7066 2.11.2011 ലെ മറുപടിക്ക്

## പട്ടികജാതി വികസന വകുപ്പിൽ പുതിയ തസ്തികകൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ . റ്റി. എ. അഹമ്മദ് കബീർ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ)പട്ടികജാതി വികസന വകുപ്പിലെ ജില്ലാ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇതു സംബന്ധിച്ച ശുപാർശകളൊന്നും നിലവിലില്ല. |
| (ബി) ജോലി ഭാരം ഏറെയുള്ള പട്ടികജാതി വികസന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; ഒരേ സ്വഭാവമുള്ള ജോലി നിർവ്വഹിക്കുന്ന എസ്.സി.ഡി.ഒ. ഗ്രേഡ് I, എസ്.സി.ഡി.ഒ. ഗ്രേഡ് II എന്നിവരുടെ ശമ്പളം ഏകീകരണത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉദ്യോഗസ്ഥ- ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II, എൽ.ഡി.സി, വാച്ച്മാൻ, വാർഡൻ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II എന്നിവരുടെ ശമ്പളം ഏകീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ ശുപാർശകളൊന്നുമില്ല. |
| (സി) വയനാട്ടിലേക്ക് മാറ്റിയ എസ്.സി.ഡി.ഒ. തസ്തിക മലപ്പുറത്തേക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ